(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ഡീലർക്ക് എത്ര തുക നൽകിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) ഇനി നൽകാനുള്ള തുക എന്നത്തേക്ക് നൽകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 97,077 രൂപ നൽകാനുണ്ട്. മുഖ്യമന്ത്രിക്ക് നൽകിയ അപേക്ഷയിൻമേൽ തുക നൽകുവാൻവേണ്ട നടപടി പൂർത്തീകരിച്ചുവരുന്നു.

(സി) 2004-2005 സാമ്പത്തിക വർഷത്തിൽ 2,32,950 രൂപ നൽകിയിട്ടുണ്ട്.

(ഡി) എത്രയും പെട്ടെന്ന് നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

കസ്റ്റഡി മരണങ്ങൾക്ക് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി

27 [2344] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്റ്റഡി മരണങ്ങൾക്ക് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) കസ്റ്റഡിയിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് നഷ്ടപരിഹാരം കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

17-5-2001 മുതൽ 31-1-2005 വരെ ഉണ്ടായിട്ടുള്ള കസ്റ്റഡിമരണങ്ങൾക്ക് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

I. ക്രൈം നമ്പർ-347/2002 കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ വച്ച് ബാലകൃഷ്ണൻ മരിച്ചത് സംബന്ധിച്ച്:

(1) എസ്. ഐ., വി. രാജേന്ദ്രന്റെ ഒരു വർഷത്തെ വാർഷികവേതന വർദ്ധനവ് സഞ്ചിതഫലമില്ലാതെ തടഞ്ഞുകൊണ്ട് ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(2) എച്ച്. സി. 3536 രവീന്ദ്രന്റെ രണ്ട് വർഷത്തെ വാർഷികവേതന വർദ്ധനവ് സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ടുള്ള ശിക്ഷ നൽകിയിട്ടുണ്ട്.

മേൽപ്പറഞ്ഞ രണ്ട് ഉദ്യോഗസ്ഥരേയും സസ്പെന്റ് ചെയ്യുകയും പിന്നീട് പുനഃപ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

II. മണ്ണാർക്കാട് പി. എസ്. ക്രൈം. 316/2003 കുഞ്ഞിക്കണ്ണൻ മരിച്ചത് സംബന്ധിച്ച്:

(1) മണ്ണാർക്കാട് എ. എസ്. ഐ. ശ്രീ. കെ. മണിയെ അന്വേഷണ വിധേയമായി സസ്പെന്റു ചെയ്യുകയും വകുപ്പുതല നടപടിക്ക് ഉത്തരവായിട്ടുള്ളതുമാണ്.

III. പെരുമ്പടപ്പ് പി. എസ്. ക്രൈം 30/2004 ഹഫീൽ മരിച്ചത് സംബന്ധിച്ച്:

പ്രാഥമികാന്വേഷണത്തിൽ 4 എ. ആർ. പി. സി.-മാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള അന്വേഷണം ക്രൈംബ്രാഞ്ച് നടത്തിവരുന്നു.

IV. ക്രൈം നമ്പർ 451/2004 തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷൻ ഷിബു മരിച്ചത് സംബന്ധിച്ച്:

ഈ കേസ് കുന്നംകുളം ഡിവൈ. എസ്. പി. ശ്രീ. ഉണ്ണിരാജൻ അന്വേഷണം നടത്തിവരുന്നു. ഈ സംഭവത്തിന് വെസ്റ്റ് സി. ഐ. കൃഷ്ണപിള്ളയെ പ്രതിയാക്കി പി. ഡി. ജോസഫ് എന്നയാൾ തൃശ്ശൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി രണ്ടിൽ കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ കോടതിയുടെ 7929/2004 ഉത്തരവ് പ്രകാരം വെസ്റ്റ് പോലീസ് ക്രൈം നം. 459/2004 യു/എസ്. 302 ഐ. പി. സി. ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിരുന്നതും, ടി കേസിന്റെയും അന്വേഷണം നടത്തിയ കുന്നംകുളം ഡിവൈ. എസ്. പി. ഉണ്ണിരാജൻ, ഒരേ സംഭവത്തിന് ആദ്യം രജിസ്റ്റർ ചെയ്ത കേസ് അന്വേഷണാവസ്ഥയിൽ ഇരിക്കുന്ന സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ ക്രൈം 459/2004 നമ്പർ കേസ് "ഫർദർ ആക്ഷൻ ഡ്രോപ്ഡ്" ആയി കണക്കാക്കുന്നതിന് ബഹു. കോടതി മുമ്പാകെ 25-10-2004-ൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

(ബി) പോലീസ് വകുപ്പ് മുഖാന്തിരം നഷ്ടപരിഹാരം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly